ഹാര പദ്ധതിയിൽ സംസ്ഥാനത്തെ 1 മുതൽ 7 വരെ ക്ലാസുകളിലെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം നൽകിവരുന്നു. ഒരു കുട്ടിക്ക് 60 ഗ്രാം അരിയും 30 ഗ്രാം പയറും ഉപയോഗിച്ചാണ് ഭക്ഷണം നൽകുന്നത്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിക്കും 5 കിലോഗ്രാം അരി എന്ന നിരക്കിൽ വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ്സിനും റംസാനും ഓണത്തിനും സൗജന്യമായി വിതരണം ചെയ്തുവരുന്നു.

ഉച്ചഭക്ഷണ വിതരണത്തിനായി 1997-98 അദ്ധ്യയനവർഷം 60788.976 മെട്രിക് ടൺ അരിയും 1998-99 അദ്ധ്യയന വർഷം 42987.433 മെട്രിക് ടൺ അരിയും 1999-2000 വർഷം നവംബർ മാസം വരെ 34531.126 മെട്രിക് ടൺ അരിയും ഇൻഡ്യാഗവണ്മെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) ഇൻഡ്യാഗവണ്മെന്റിന്റെ സമഗ്ര ദേശീയ പോഷകാഹാര വിതരണ പരിപാടിയുടെ ഭാഗമായി പ്രൈമറി സ്കൂളുകളിലെ ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുട്ടി ഒന്നിന് പ്രതിദിനം 100 ഗ്രാം അരി വീതം സൗജന്യമായി 10 മാസത്തേക്ക് ലഭിക്കുന്നു. കേന്ദ്ര ഗവണ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പുതന്നെ സംസ്ഥാനത്ത് 7-ാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകിയിരുന്നു. 60 ഗ്രാം അരിയും 30 ഗ്രാം പയറുമായിരുന്നു ഇതിന് ഉപയോഗിച്ചിരുന്നത്. ഈ സ്കീം യാതൊരു മാറ്റവും ഇല്ലാതെ തുടരുന്നു. കൂടാതെ ആവശ്യാനുസരണം സംസ്ഥാന ഗവണ്മെന്റ് പൊതുവിതരണ ശൃംഖലയിൽനിന്നും വിലയ്ക്കുവാങ്ങിയ അരി കൂടി ഉപയോഗിച്ച് ഓണം, ക്രിസ്തുമസ്സ്, ബക്രീദ്, തുടങ്ങിയ ഉത്സവകാലങ്ങളിൽ അർഹരായ വിദ്യാർത്ഥികൾക്ക് 5 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നു.

27 (*263) റോഡുകളുടെ അറ്റകുറ്റപ്പണി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ മോശപ്പെട്ട അവസ്ഥ കാരണം വാഹനാപകടങ്ങൾ പെരുകിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കണക്കിലെടുത്ത് റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്താൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)(ബി)&(സി) ഡ്രൈവറുടെ അശ്രദ്ധമൂലവും വാഹനങ്ങളുടെ കാലപ്പഴക്കം കാരണവുമാണ് കൂടുതൽ അപകടങ്ങളും സംഭവിക്കുന്നത്. എങ്കിലും റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. കാലവർഷത്തിനു ശേഷമാണ് റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കാറുള്ളത്. ഈ വർഷം ഡിസംബർ 31-ാം തീയതിക്കുള്ളിൽ റോഡുകളിലുള്ള കുണ്ടും കുഴിയും അടിയന്തിരമായി നികത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly